# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3091 | 18.06.2019-ന് മറുപടിയ്ക്ക് |
|---|---|

**മലപ്പുറം ജില്ലയിലെ ലാന്റ് അക്വിസിഷൻ നടപടികൾ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | റവന്യൂ വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ ലാന്റ് അക്വിസിഷൻ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (എ) | റവന്യൂ വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ (എയർപോർട്ട്) കാലിക്കറ്റ്, കരിപ്പൂർ<br>-- കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിനായി<br><br>2 (a) ഡെപ്യൂട്ടി കളക്ടർ & കോമ്പീറ്റന്റ് അതോറിറ്റി, എൽ.എ (എൻ.എച്ച്), കോട്ടക്കൽ<br>b.സ്പെഷ്യൽ തഹസീൽദാർ യൂണിറ്റ് I തിരൂരങ്ങാടി<br>c. സ്പെഷ്യൽ തഹസീൽദാർ യൂണിറ്റ് II തിരൂർ,<br>d. സ്പെഷ്യൽ തഹസീൽദാർ യൂണിറ്റ് III പൊന്നാനി<br>-- ദേശീയപാത വികസനത്തിനുവേണ്ടി<br><br>3.സ്പെഷ്യൽ തഹസീൽദാർ, എൽ.എ ജനറൽ),തിരൂർ<br>4.സ്പെഷ്യൽതഹസീൽദാർ, എൽ.എ (ജനറൽ), മലപ്പുറം<br>} പൊതുവായ ആവശ്യങ്ങൾക്ക ഭൂമി ഏറ്റെടുക്കുന്നതിനായി |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതെന്നും അതിനായി എന്ത് തുക നഷ്ടപരിഹാരമായി നൽകി എന്നും വിശദീകരിക്കാമോ; | (ബി) | തിരൂർ താലൂക്കിൽ നിന്നും ഗെയിലിനുവേണ്ടി 0.2040 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ആയതിൽ 17,97,855/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br><br>ഏറനാട് താലൂക്കിൽ നിന്നും കോട്ടപ്പടി വലിയങ്ങാടി ബൈപ്പാസിനുവേണ്ടി 1.2462 ഹെക്ടർ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 23,93,45,731/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ ദേശീയപാത വികസനത്തിനായി 203.5724 ഹെക്ടർ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി 1956-ലെ ദേശീയപാത നിയമം സെക്ഷൻ 3 പ്രകാരം ഭാരത ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ഇതിൽ 186.8236 ഹെക്ടർ ഭൂമിക്ക് 3D വിജ്ഞാപനം ഓൺലൈൻ ആയി അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. 3D വിജ്ഞാപനം ചെയ്തിട്ടുള്ള തിരൂർ, പൊന്നാനി താലൂക്കുകളിലെ 3G(3) വിചാരണ പൂർത്തിയാക്കി അവാർഡ് തുക ലഭിക്കുന്നതിനായി തിരൂർ താലൂക്കിലെ 8 വില്ലേജുകളിലെയും പൊന്നാനി താലൂക്കിലെ ഒരു വില്ലേജിലെയും ഫണ്ട് റിക്വസ്റ്റ് NHAI യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെങ്കിലും ഫണ്ട് ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | എൽ.എ. നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് എൽ.എ.യൂണിറ്റുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ